**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2519** **04-03-2025 - ൽ മറുപടിയ്ക്ക്**

**കേരള റൈസ് ലിമിറ്റഡ് കമ്പനി - റൈസ് പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള റൈസ് ലിമിറ്റഡ് കമ്പനിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത കമ്പനിയുടെ പ്രവൃത്തികൾക്കായി നിലവിൽ എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്;<br><br>കേരളത്തിൽ പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലായി മൂന്ന ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കുകൾ സ്ഥാപിക്കുന്നതിനായി തീരുമാനിക്കുകയും ആയതു നടപ്പിലാക്കുന്നതിനു കേരള റൈസ് ലിമിറ്റഡ് എന്ന പൊതുമേഖല സ്ഥാപനം രൂപീകരിക്കുകയും ചെയ്തു.<br><br>കമ്പനിയുടെ ആഭിമുഖ്യത്തിൽ ഇപ്പോൾ പാലക്കാടും ആലപ്പുഴയിലും റൈസ് പാർക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. തൃശ്ശൂർ ജില്ലയിൽ ജില്ലാ പഞ്ചായത്തിനു കീഴിലുള്ള വെങ്ങാനൂർ വില്ലേജിൽ സ്ഥിതി ചെയ്യുന്ന കൃഷി വകുപ്പിന്റെ ജില്ലാ കൃഷിത്തോട്ടത്തിൽ നിന്നും 3.1355 ഹെക്ടർ ഭൂമി ടി പദ്ധതിക്കായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | കേരള റൈസ് പാർക്കുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്നും റൈസ് പാർക്കിന്റെ പ്രവർത്തനം പാലക്കാട് എന്നു തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ? | (ബി) | പാലക്കാട് ജില്ലയിൽ കിൻഫ്ര മെഗാ ഫുഡ് പാർക്കിൽ നിർമ്മാണം പുരോഗമിക്കുന്ന കേരള റൈസ് പാർക്കിന്റെ സിവിൽ നിർമ്മാണ ജോലികൾ 85% പൂർത്തിയായിട്ടുണ്ട്. പ്ലാന്റ് ആന്റ് മെഷിനറികൾ പദ്ധതി പ്രദേശത്ത് എത്തിച്ച് തുടങ്ങിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് റൈസ് പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ